# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4872 — 23.03.2018-ൽ മറുപടിക്ക്

### അട്ടപ്പാടി പഠന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ അട്ടപ്പാടി പഠന റിപ്പോർട്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; | എ) യും ബി) യും സി) യും ഡി) യും | അട്ടപ്പാടിയിലെ ആദിവാസി പ്രശ്നങ്ങളിന്മേൽ ശാശ്വത പരിഹാരം ഉദ്ദേശിച്ച് ഒരു സമഗ്ര വികസന പ്രോജക്ട് നടപ്പിലാക്കുന്നതിനായി നബാർഡ് കൺസൾട്ടൻസി യായ നാബ്കോൺ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ സമഗ്രമായ പ്രത്യേകിച്ചും സാമൂഹ്യ, സാമ്പത്തിക, കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിലെ പുരോഗതിക്കുതകുന്ന വിധം പദ്ധതികൾക്കായുള്ള നിരവധി നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളെപ്പറ്റിയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിലുണ്ട്.<br><br>പ്രസ്തുത റിപ്പോർട്ട് അട്ടപ്പാടി സമഗ്ര വികസന പ്രോജക്ടിനായുള്ള ഒരു മാസ്റ്റർ പ്ലാൻ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. റിപ്പോർട്ടി ന്മേൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്; വിശദമാക്കുമോ; | | |
| സി) | ടി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടശേഷം ആയത് പരിഗണിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |
| ഡി) | പഠന റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ